(ഡി) രണ്ടു വിജ്ഞാപനങ്ങളും തമ്മിൽ എന്തെല്ലാം കാര്യങ്ങളിൽ വ്യത്യാസമുണ്ട്;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ;

(എഫ്) വിജ്ഞാപനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് കേരള ഹൈക്കോടതിയിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1) മാസ്റ്റർ ട്രെയിനർമാർ

2) ഡാറ്റാ മെക്കാനിക്ക് ട്രെയിനികൾ

(ബി) 20.1.2000. ഇത് 31.1.2000-ലേക്ക് നീട്ടുകയുണ്ടായി.

(സി) ആദ്യത്തെ വിജ്ഞാപനം വഴി വേണ്ടത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായിട്ടില്ല. അതുകൊണ്ട് കൂടുതൽ അപേക്ഷകരെ കണ്ടെത്തുന്നതിനാണ് പുനർ വിജ്ഞാപനം നൽകിയത്.

(ഡി) ഒന്നാം വിജ്ഞാപനത്തിൽ സംസ്ഥാന സർക്കാർ, അംഗീകൃത സർവ്വകലാശാലകൾ എന്നിവ നൽകുന്ന കമ്പ്യൂട്ടർ സർട്ടിഫിക്കറ്റുകളാണ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പുനർ വിജ്ഞാപനത്തിൽ കൂടുതൽ അപേക്ഷകരെ കണ്ടെത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, അന്തർദേശീയ നിലവാരമുള്ള മറ്റു സ്ഥാപനങ്ങൾ എന്നിവർ നൽകുന്ന സമാന നിലവാരമുള്ള സർട്ടിഫിക്കറ്റുകൾ കൂടി അടിസ്ഥാന യോഗ്യതയായി പരിഗണിച്ചു.

(ഇ) കൂടുതൽ കുറ്റമറ്റതാക്കുവാനാണ് കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നത്.

(എഫ്) ഒ.പി. 6400/2000 നമ്പരിൽ ഒരു കേസ് ബഹു: ഹൈക്കോടതി മുമ്പാകെ നിലവിലുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച് യാതൊരു ഇടക്കാല ഉത്തരവും ഇപ്പോൾ നിലവിലില്ല.

തൊഴിൽ നികുതി

75 (3163) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 മാർച്ച് മുതൽ നടപ്പാക്കിയ സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തെ തുടർന്ന ജീവനക്കാർ നൽകേണ്ട തൊഴിൽനികുതിയിലുണ്ടായ വർദ്ധനവ് എത്ര ശതമാനമാണ്;

(ബി) തൊഴിൽ നികുതി നിരക്കിലുണ്ടായ വർദ്ധനവ് നിമിത്തം 50 രൂപ അർദ്ധ വാർഷിക തൊഴിൽനികുതി നൽകിയിരുന്നവർ 600 രൂപ വരെയും 100 രൂപ നൽകിയിരുന്നവർ 1250 രൂപ വരെയും തൊഴിൽ നികുതി നൽകേണ്ടിയിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ്; പരാതിയിൻമേൽ സ്വീകരിച്ച നടപടി എന്തെല്ലാമാണ്;

(ഡി) ഇത് സംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ശമ്പള പരിഷ്ക്കരണത്തെ തുടർന്ന് ജീവനക്കാരുടെ വേതന നിരക്കിലുണ്ടായ വർദ്ധനവ് അടിസ്ഥാനമാക്കി തൊഴിൽനികുതി നിരക്ക് യുക്തിസഹമായ രീതിയിൽ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്)ഇത് സംബന്ധിച്ച പരാതികളിൻമേലും കേസിലും അന്തിമ തീർപ്പു ഉണ്ടാക്കുന്നതുവരെ തൊഴിൽനികുതി ഈടാക്കുന്ന നടപടി നിർത്തിവയ്ക്കുമോ?

ഉത്തരം

(എ) തൊഴിൽനികുതി നിരക്ക് വർദ്ധിപ്പിച്ചില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളം+സ്പെഷ്യൽ പേ+ബോണസ്+ മറ്റു വരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് തൊഴിൽനികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പഞ്ചായത്തുകളിൽ വരുമാനം കണക്കാക്കുന്നതിന് ക്ഷാമബത്ത കൂടി കണക്കിലെടുക്കുന്നുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് നിലവിൽ വന്നതോടെ മുനിസിപ്പൽ പ്രദേശങ്ങളിലും തൊഴിൽനികുതി കണക്കാക്കുന്നതിന് വരുമാനത്തിൽ ക്ഷാമബത്ത ഉൾപ്പെടുത്തുകയുണ്ടായി. ശമ്പള പരിഷ്ക്കരണത്തെ തുടർന്ന് വരുമാനത്തിൽ വർദ്ധനവുണ്ടായപ്പോൾ തൊഴിൽ നികുതിയിൽ വർദ്ധനവുണ്ടായി. തൊഴിൽനികുതിയുടെ ഘടനയിലോ സ്ലാബിലോ ഇക്കാലയളവിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. വരുമാനത്തിനനുസൃതമായ വർദ്ധനവേ ഉണ്ടായിട്ടുള്ളൂ.

(ബി) വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി നിരക്കിലും വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) തൊഴിൽനികുതി സ്ലാബിലുള്ള അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിരവധി സർവീസ് സംഘടനകൾ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ബഹു: തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി 10.11.99-ൽ ഉദ്യോഗസ്ഥ തലത്തിൽ ഒരു ചർച്ച നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 1.9.97-ലെ സർക്കാർ ഉത്തരവ് (പി)205/97/തഭവ പ്രകാരം പഞ്ചായത്തുകൾക്ക് ബാധകമാക്കിയ നിരക്കുകൾ മുനിസിപ്പൽ പ്രദേശങ്ങൾക്കും ബാധകമാക്കി സ്ലാബുകൾ പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് ഒ.പി.നം.30935/99, ഒ.പി.നം.6235/2000 എന്നീ കേസ്സുകൾ നിലവിലുണ്ട്.

(ഇ) പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഒരേ നികുതി നിരക്ക് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(എഫ്)കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായും കേരള ധനകാര്യ കമ്മിഷൻ ശുപാർശ, ഇൻഡ്യൻ ഭരണ ഘടന എന്നിവയ്ക്കനുസൃതമായും ആണ് തൊഴിൽ നികുതി ഈടാക്കുന്നത്. ആയതിനാൽ തൊഴിൽ നികുതി ഈടാക്കുന്ന നടപടി നിറുത്തിവയ്ക്കാൻ ആവില്ല.

LIBRARY ARCHIVES Kerala Legislative Assembly